(ബി) പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) രണ്ടാംഘട്ട വിപുലീകരണത്തിന് ജൈക്കയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന് ജൈക്കയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ആയത് ലഭിച്ചാലുടൻ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികളിലെ വീഴ്ച

164 (856) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേടുപാടുകൾ സംഭവിച്ച വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ യഥാസമയം മാറ്റുന്നതിനോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ ഗുരുതരമായ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചില ഡിവിഷനുകളിൽ മെയിന്റനൻസ് ജോലി ചെയ്തുവരുന്ന കരാറുകാർ കുടിശ്ശിക ലഭിക്കാത്തതിനാൽ സമരത്തിലായിരുന്ന കാലഘട്ടത്തിൽ അറ്റകുറ്റ പണികൾക്ക് കാലതാമസം നേരിട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാറുകാർ ജോലികൾ ബഹിഷ്കരിച്ചപ്പോൾ അത്യാവശ്യം അറ്റകുറ്റപ്പണികൾ വാട്ടർ അതോറിറ്റി നേരിട്ട് നടത്തുകയും കടിവെള്ളക്ഷാമം രൂക്ഷമാകാതെ നോക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കേടായ പൈപ്പുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്ന ജോലികൾ നടന്നുവരുന്നു. കൂടാതെ പഴയ എ.സി. പൈപ്പുകൾ മാറ്റി പുതിയ പി.വി.സി./ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രത്യേക പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

വൻകിട ശുദ്ധജല വിതരണ പദ്ധതികൾ

165 (857) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട ശുദ്ധജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാം ; ഈ പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) വരൾച്ച പ്രതിരോധിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു. നിലവിൽ ജിക്ക ധനസഹായത്തോടെ 5 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തതിൽ ചേർത്തല പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്തു. ബാക്കിയുള്ള നാല് പദ്ധതികളായ തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടാമ്പം എന്നിവ ഭാഗികമായി ജലവിതരണം നടത്തിവരുന്നു. മേല്പറഞ്ഞ നാല് പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യുവാൻ വേണ്ടി വിവിധ തലങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റുള്ള വകുപ്പുകളിൽനിന്നും ലഭിക്കേണ്ടതായ അനുമതികൾ ഗവൺമെന്റ് തലത്തിൽ യോഗങ്ങൾ സംഘടിപ്പിച്ച് തീരുമാനങ്ങളെടുത്ത് പദ്ധതികൾ പൂർത്തീകരിക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മേല്പറഞ്ഞ വൻകിട പദ്ധതികൾക്കുപുറമേ കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 206 പദ്ധതികളും

LIBRARY ARCHIVES Kerala Legislative Assembly